"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് നഗരപാതാ വികസന പദ്ധതി- ( ഘട്ടം1 ബി) - മാനാഞ്ചിറ - വെള്ളിമാടുക്കുന്ന് റോഡ് നിർമ്മാണം - സ്റ്റേജ് പേയ്മെന്റ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുമരാമത്ത്(എച്ച്)വകുപ്പ്**

സ.ഉ.(സാധാ) നം.539/2026/PWD തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 367/2024/PWD തീയതി, 15-03-2024

2. സ.ഉ.(സാധാ) നം..329/2025/PWD തീയതി, 04-03-2025

3. കെ.ആർ.എഫ്.ബി സി.ഇ.ഒ യുടെ 25.03.2026 ലെ KRFB/417/2026-PE7 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് നഗരപാതാ വികസന പദ്ധതി ( ഘട്ടം1 ബി) യിലെ മാനാഞ്ചിറ - വെള്ളിമാടുക്കുന്ന് റോഡ് നിർമ്മാണത്തിനായി പരാമർശം 1 പ്രകാരം പുതുക്കിയ ഭരണാനുമതിയും പരാമർശം 2 പ്രകാരം ടി നിർമ്മാണം ഇ.പി.സി രീതിയിൽ നടത്തുന്നതിനും അനുമതി നല്കി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. അതേ തുടർന്ന് കോഴിക്കോട് നഗര പാത വികസന പദ്ധതിയിലെ മാനാഞ്ചിറ വെള്ളിമാടുക്കുന്ന് റോഡ് നിർമ്മാണം ഇ.പി.സി രീതിയിൽ നടത്തുന്നതിന് കേരള റോഡ് ഫണ്ട് ബോർഡും M/s. Midland Contracting Private Limited-മായി കരാറിൽ ഏർപ്പെട്ടുവെന്നും നിർമ്മാണത്തിന്റെ കരാർ വ്യവസ്ഥകൾ പ്രകാരം സ്റ്റേജ് പേയ്മെന്റിന് 46,76,18,490/- രൂപ അനുവദിക്കണമെന്നും കെ.ആർ.എഫ്.ബി സി.ഇ.ഒ പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ആർ.എഫ്.ബി യ്ക്ക് 2026 - 27 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ ആദ്യ ക്വാർട്ടറിലെ സീലിംഗ് പരിധിയ്ക്ക് ഉള്ളിൽ നിന്നും 46.76 കോടി രൂപ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. കരാറുകാരൻ സമർപ്പിച്ച ബിൽ തുകയുടെ ആധികാരികത, പ്രവർത്തി പുരോഗതി എന്നിവ കെ.ആർ.എഫ്.ബി സി.ഇ.ഒ പരിശോധിച്ച് പൊതുഖജനാവിന് നഷ്ടമില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

സി.ഇ.ഒ, കെ.ആർ.എഫ്.ബി , തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ ( നിരത്തുകൾ /ദേശീയപാത/ഭരണം ) പൊതുമരാമത്ത് വകുപ്പ് , തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
പ്രോജകട് കോ ഓർഡിനേറ്റർ , കെ.സി.ആർഐ.പി. കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit),തിരുവനന്തപുരം
ധനകാര്യ വകുപ്പ് (I&PW-B3/360/2022/Fin (E- 2223730) dated 21.04.2026)
സ്റ്റോക്ക് ഫയൽ ( E- 3468240 - H1/55/2026/PWD )
ഓഫീസ് പകർപ്പ്/ വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം
Signed by Deepu B K
Date: 24-04-2026 11:56:07

സെക്ഷൻ ഓഫീസർ

പകർപ്പ് :
പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്